**നഗര ഗ്രാമാസൂത്രണ വകുപ്പ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ജില്ലാ ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ – ചെറുന്നിയൂർ വില്ലേജിൽ – Group D ഒക്കുപ്പൻസി –ആഡിറ്റോറിയം നിർമ്മാണം– കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:- 1. ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.07.2021 മല A5/2275/21 നമ്പർ കത്തും ഉള്ളടക്കവും.
2. ശ്രീ സെബി.പി എന്ന വ്യക്തിയുടെ 23.11.2021, 22.12.2021 എന്നീ തീയതികളിലെ അപേക്ഷകൾ.

**<u>ഉത്തരവ് നമ്പർ TCPTVM/1530/2021-D തീയതി 17/01/2022</u>**

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ ചെറുന്നിയൂർ വില്ലേജിൽ സർവ്വേ നമ്പർ 172/3, 172/4 ൽ ഉൾപ്പെട്ട 14.3 ആർ സ്ഥലത്ത് 1680 ച.മി ബിൽറ്റപ് ഏരിയയുള്ള ആഡിറ്റോറിയം നിർമിക്കുന്നതിന് ശ്രീ. സെബി പി. എന്നയാൾ സൂചനകൾ പ്രകാരം സമർപ്പിച്ച അപേക്ഷയും ഉള്ളടക്കവും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി KPBR- 2019, ചട്ടം-30 പ്രകാരം കെട്ടിടത്തിൻറെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണം കെ.പി.ബി.ആർ-2019,നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. കെ.പി.ബി.ആർ-2019 ചട്ടം-9 പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ, സർവ്വേ നമ്പർ , പ്ലോട്ടിന്റെ വിസ്തൃതി എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം. ഒപ്പം തന്നെ നിർമ്മാണം KPBR-2019-നും ബാധകമായ മറ്റ് ചട്ടങ്ങൾക്കും, നിയമങ്ങൾക്കും അനുസൃതമാണെന്നു ഉറപ്പുവരുതേണ്ടതാണ്.
3. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. നിർമ്മാണ സ്ഥലത്തിൽ നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. 2008- ലെ നെൽവയൽ തണ്ണീർത്തട നിയമം/ അനുബന്ധ ഭേദഗതി എന്നിവ പ്രകാരം പ്രസ്തുത നിർമാണം അനുവദനീയമാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
6. സ്വാഭാവിക ജല നിർഗമന മാർഗങ്ങൾ അടഞ്ഞുപോകരുത്.
7. നിർദിഷ്ട ലേ -ഔട്ടിൽ ഡ്രയിനേജിനുള്ള സൗകര്യം നൽകിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയ്നേജ് (മഴവെള്ളം / മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.
8. നിർമ്മാണം കെ.പി.ബി.ആർ- 2019 ചട്ടം- 79,ന് അനുസൃതമായി മാലിന്യ നിർമ്മാർജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

9. Pollution control board; കെ.പി.ബി.ആർ–2019 ചട്ടം 5(4) പ്രകാരം ഫയർ & റെസ്ക്യൂ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
10. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിൽ ക്രമീകരിക്കേണ്ടതാണ്.
11. കെപി.ബി.ആർ–2019 ചട്ടം–29 പ്രകാരം കാർ & ടു വീലർ എന്നിവക്കായി മതിയായ എണ്ണം പാർക്കിംഗ് സ്പേസുകൾ നൽകേണ്ടതാണ്.പാർക്കിംഗ് സ്ഥലങ്ങൾ ആയതിനു പ്രാപ്തമാവും വിധം ഒരുക്കേണ്ടതുമാണ്.
12. പ്ലാനിൽ കാണിച്ചിരിക്കും വിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിംഗ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
13. കെ.പി.ബി.ആർ–2019 ചട്ടം–29 (4)(iii) പ്രകാരം Width of Vehicular Passage 4 മീറ്റർ ഉറപ്പുവരുത്തുന്നതിനായി, കെട്ടിടത്തിന്റെ West ഭാഗത്തു നിന്നും ബേസ്മെന്റ് പാർക്കിങ്ങിലേക്കുള്ള Slope റാമ്പ് തീരുന്ന ഭാഗത്തു വാഹനങ്ങൾക്ക് കയറാൻ പാകത്തിൽ ടി 4 മീറ്റർ width ഉറപ്പാക്കണം.
14. കെപി.ബി.ആർ–2019 ചട്ടം –76(3) പ്രകാരം നിർദിഷ്ട നിർമ്മാണ യൂണിറ്റിന് ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
15. കെ.പി.ബി.ആർ–2019 ചട്ടം 34 & ചട്ടം 42 എന്നിവ പ്രകാരം വേണ്ട sanitation facilities ഉറപ്പുവരുത്തേണ്ടതാണ്.
16. കെ.പി.ബി.ആർ–2019 ചട്ടം–76(2) പ്രകാരം നിർദിഷ്ട നിർമ്മാണ യൂണിറ്റിന് വേണ്ട Rain water harvesting സംവിധാനം ഉറപ്പാക്കേണ്ടതാണ്.
17. കെ.പി.ബി.ആർ– 2019 ചട്ടം–79 A (Management of construction and demolition of waste) പ്രകാരം ടി നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാവുന്ന വേസ്റ്റുകൾ ടി ചട്ടപ്രകാരമാവണം നിർമാർജ്ജനം ചെയ്യേണ്ടതാണ്.
18. കെ.പി.ബി.ആർ–2019 ചട്ടം–10 പ്രകാരം ടി സ്ഥലത്തു Excavation നടത്തുന്നുണ്ടെങ്കിൽ ആയതു സംബന്ധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>04 /2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.</u>**

Signature Not Verified
Digitally signed by Jayasree V K
Date: 2022.01.17 16:34:53 IST
Reason: Approved

**JAYASREE.V.K**
**TOWN PLANNER**

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്: സെക്രട്ടറി,
ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്.

പകർപ്പ്: 1) അപേക്ഷകൻ,(അറിവിലേയ്ക്കായി)
ശ്രീ. സൈബി. പി , വീനസ് മന്ദിരം , 29/85, മാർക്കറ്റ് റോഡ് , ആറ്റിങ്ങൽ.
2) കരുതൽ ഫയൽ

3) ഫയൽ.